**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് കേസ് പ്രതിക്കെതിരെയുള്ള വിജിലൻസ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാട്ടെ താമസസ്ഥലത്ത് നിന്നും വിജിലൻസ് സംഘം ബലമായി പിടിച്ചുകൊണ്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഒരു കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഈ കേസിൽ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | വിജിലൻസ് അന്വേഷണത്തിലുള്ള കേസുമായി ബന്ധപ്പെട്ട് ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് മുൻപ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ തീയതി അടങ്ങുന്ന വിശദാംശങ്ങൾ നൽകാമോ; | (സി) | ബാധകമല്ല |
| (ഡി) | തിരുവനന്തപുരം വിജിലൻസ് വിംഗ് അന്വേഷിക്കുന്ന ലൈഫ് മിഷൻ കേസിൽ സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാട് വിജിലൻസ് വിംഗ് അറസ്റ്റ് ചെയ്യുകയും ഫോൺ പിടിച്ചെടുക്കുകയും ചെയ്തത് നടപടിക്രങ്ങൾ പാലിച്ചുകൊണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് ഫോൺ ബന്തവസ്സിലെടുത്തിട്ടുള്ളത്. ഇത് കോടതിയിൽ ഹാജരാക്കി ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ